മിസ്റ്റർ എം. രാമൻമേനോൻ: (ഛ) ഇല്ല.

(ഛ) മറുപടി ആവശ്യമില്ല.

(ന) ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പറിൽനിന്നുതന്നെ ഈ സംഗതിയെപ്പറ്റി ഒരു കമ്പി എന്റെ മുൻഗാമിക്കു കിട്ടിയതായി കാണുന്നുണ്ട്.

(ര) തൈക്കെ ഡിവിഷൻ സ്ക്കിൽ ഇൻസ്പെക്ടരോട് ഉടൻ അന്വേഷണം നടത്തി വേണ്ടതു പ്രവൃത്തിച്ചു റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട. സ്ക്കിൽ ഇൻസ്പെക്ടർ തന്റെ അന്വേഷണഫലമായി അവിടങ്ങളിൽ യാതൊരു തെങ്ങും കളവായി ചെത്തിക്കാണുന്നില്ലെന്ന റിപ്പോർട്ട് അയക്കുകയും ചെയ്തു. കമ്പിയുടെ തിയ്യതി ഫെബ്രുവരി ആഗസ്റ്റ് മാസം ഛ-ാംതിയ്യതിയാണ്.

(ഭ) കമ്പിയുടെ പകർപ്പിനു അനുബന്ധം നോക്കുക (*Appendix VII*).

CHUNGAL TODDY SHOP CONTRACTOR—OPENING OF UNAUTHORISED SHOPS BY.

419. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയയും മറുപടി പറയുമൊ:—

(ഛ) ചുങ്കാൽ കള്ളുഷാപ്പു ലേലക്കാരൻ ആരാണു്;

(ഛ) അദ്ദേഹം വെള്ളിക്കുളങ്ങര, കോടാലി, നൂൽവള്ളി, വാസുപുരം ഈ പ്രദേശങ്ങളിൽ സ്പെഷ്യൽ ഷാപ്പുകൾ നടത്തിവരുന്നതായി ഗവൺമെണ്ടിനറിയാമൊ;

(ന) അറിയാമെങ്കിൽ ആ കാര്യത്തിൽ ഗവൺമെണ്ടു് എന്തെല്ലാം നടപടികളാണു് നടത്തീട്ടുള്ളതു്;

(ര) ചുങ്കാൽ ഷാപ്പു കരാറുകാരൻ പല സ്ഥലങ്ങളിലും മറ്റത്തൂർ ഷാപ്പു കരാറുകാരൻ നന്തിപുലത്തു് പയ്യൂർക്കാവു ക്ഷേത്രത്തിനടുത്തും മദ്യഷാപ്പുകൾ നടത്തുന്നതായി കണ്ടിരിക്കുന്നുവെന്നും മാറും ര—ര—ഛ ഛ ഛ ര ൽ അയച്ച ഒരു കത്തു് എക്സൈസ്സ് കമ്മീഷണരവർകൾക്കു കിട്ടുകയുണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തു നടപടിയാണു് നടത്തീട്ടുള്ളതെന്നു പറയാമൊ?

മിസ്റ്റർ എം. രാമൻമേനോൻ: (ഛ) ചുങ്കാൽ കള്ളുഷാപ്പു എന്നു ഒരു കള്ളുഷാപ്പു ഇല്ല. ഷാപ്പിന്റെഅതിരായ ദേശപ്പേരൊ നമ്പരൊ വിശദപ്പെടുത്താതെ മറുപടി പറയുവാൻനിവൃത്തിയില്ല.

(ഛ) ഒന്നാം ഉപചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല. ഇതിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഒന്നും സ്പെഷ്യൽ ഷാപ്പുകൾ ആയും നടത്തിവരുന്നില്ല.

(ന) മറുപടി ആവശ്യമില്ല.

(ര) എന്റെ മുൻഗാമിക്കു ര—ര—ഛ ഛ ഛ ര തിയ്യതി വെച്ചു ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ കെ. എസ്സ്. പണിക്കർ

LIBRARY ARCHIVES Kerala Legislative Assembly

മുപ്പിട്ടിട്ടുള്ള ഒരു കത്തു കിട്ടിട്ടുള്ളതായി കാണുന്നു. എന്നാൽ അതിൽ പറഞ്ഞിട്ടുള്ള സംഗതികളും ഈ ചോദ്യത്തിൽ പറഞ്ഞിട്ടുള്ള മാതിരി അല്ല.

ആ കത്തിലെ സംഗതികളെപ്പറ്റി തൈക്കെ ഡിവിഷൻ സക്കിളും ഇൻസ്പെക്ടർ സ്ഥലത്തു ചെന്നു അന്വേഷണം നടത്തി. കത്തിൽ പറഞ്ഞിട്ടുള്ള സംഗതികളും മിക്കവയും അടിസ്ഥാനരഹിതമാണെന്നും സബ്ബ് ഇൻസ്പെക്ടരെപ്പറ്റി പറഞ്ഞിട്ടുള്ള ദുഷ്പ്രചാരോപണം മിഥ്യാപവാദങ്ങളാണെന്നും സബ്ബ് ഇൻസ്പെക്ടർ വളരെ സത്യസന്ധനാണെന്നും അന്വേഷണംകൊണ്ടു വെളിപ്പെട്ടു. ബഹുമാനപ്പെട്ട മെമ്പരുടെ കത്തിലെ സബ്ബ് ഇൻസ്പെക്ടരെപ്പറ്റിയുള്ള ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്നു അന്വേഷണംകൊണ്ടു കണ്ടിരിക്കുന്നുവെന്നും തനിക്കു അവയെ ശരിയാണെന്നു തെളിയിപ്പാൻ സാധിക്കുമെങ്കിൽ ഫെബ്രുവരി—മാർച്ച് തിയ്യതി തൃശ്ശൂർ ക്യാമ്പിൽ കമ്മീഷണർ മുമ്പാകെ ഹാജരായി തെളിവു കൊടുക്കേണ്ടതാണെന്നു കാണിച്ചു് ബഹുമാനപ്പെട്ട മെമ്പർക്കു് റജിസ്റ്റേർഡ് നോട്ടീസ് കൊടുത്തു. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ അന്നേദിവസം ഹാജരാകുകയോ തെളിവു കൊടുക്കുകയോ ചെയ്തില്ല. പക്ഷെ വീണ്ടും ഈ സംഗതിയിൽ തെളിവുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർക്കു റജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടു്. കേസ്സ് മകരം ൨൭-ാംനു- ഫർക്കാ തൃശ്ശൂർ ക്യാമ്പിൽ വിചാരണക്കു വെച്ചിരിക്കുന്നു.

SWEET TODDY TAPPING—APPLICATIONS—PARTICULARS FOR 1114.

420. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് ദയയായി മറുപടി നൽകുമോ:—

(എ) ഫർക്കാ-ൽ ചക്കര ചെത്തുന്നതിനു് ഓരോ റെയിഞ്ചിൽ നിന്നു് എത്ര അപേക്ഷകൾ വീതം കിട്ടീട്ടുണ്ടു്;

(ബി) അവരിൽ എത്ര പേർക്കു അനുവദിച്ചു കൊടുത്തിട്ടുണ്ടു്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടു്?

മിസ്റ്റർ എം. രാമൻമേനോൻ: (എ) and (ബി) അനുബന്ധം നോക്കുക. (*Appendix VIII.*)

LIBRARY ARCHIVES Kerala Legislative Assembly